# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.995 — 30.11.2018 ലെ മറുപടി

### കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ: | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 2016-17 ബഡ്ജറ്റിൽ അനുവദിച്ചിരുന്ന കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ യാഥാർത്ഥ്യമാക്കുന്നതിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പൂരപ്പുഴയ്ക്ക് കുറുകെ റഗുലേറ്റർ നിർമ്മാണം എന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചതാണ്. എന്നാൽ ഏകദേശം 42 മീറ്ററോളം ബോർഹോൾ -1ന്റെ ബോറിംഗ് നടത്തിയപ്പോൾ പാറയുടെ സാന്നിദ്ധ്യം കാണാൻ കഴിഞ്ഞില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബിയുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. പൂർണ്ണമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായുള്ള 6.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കൂടി സാമ്പത്തികാനുമതിയ്ക്കായി ഐ.ഡി.ആർ. ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കാലതാമസം ഒഴിവാക്കി കെട്ടുങ്ങൽതോട്-പൂരപ്പുഴ റെഗുലേറ്റർ സമയ ബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമായതിനു ശേഷം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ പരിശോധനയ്ക്കു ശേഷം സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. എസ്.പി.വി ആയ കെ.ഐ.ഐ.ഡി.സി മുഖേനയാണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ